**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.മണിക്കുട്ടൻ.ഡി യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ).നം.463/2020/തസ്വഭവ** **തിരുവനന്തപുരം, തീയതി,25/02/2020**

================================================================

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.
2) സ.ഉ(പി)നം.110/13/ധന തീയതി 01.03.2013
3) ശ്രീ.മണിക്കുട്ടൻ.ഡി യുടെ 13.03.2019 ലെ ശൂന്യവേതനാവധിയപേക്ഷ.
4) പഞ്ചായത്ത് ഡയറക്ടറുടെ 20.10.2019 ലെ ഇ 4-9976/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.മണിക്കുട്ടൻ.ഡി യ്ക്ക് 01.10.2018 മുതൽ 26.07.2019 വരേക്ക് വ്യക്തിപരമായ ആവശ്യത്തിന് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.മണിക്കുട്ടൻ.ഡി 04.01.2010 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാന് 01.10.2018 മുതൽ 28.01.2019 വരെ വാകത്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്തിട്ടുണ്ട്. അവധിക്കാലയളവ് കഴിഞ്ഞ് 27.07.2019 ൽ സേവനത്തിൽ പുനഃപ്രവേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.മണിക്കുട്ടൻ.ഡി യ്ക്ക് 01.10.2018 മുതൽ 26.07.2019 വരേക്ക് പരാമർശം(2) ഉത്തരവിന് വിധേയമായി കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ്, ഇൻക്രിമെന്റ്, ഹയ്യർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, വാകത്താനം ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ.മണിക്കുട്ടൻ.ഡി, സീനിയർ ക്ലാർക്ക്, വാകത്താനം ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(216/ഇപിഎ 1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danya NL

സെക്ഷൻ ഓഫീസർ